# ഹെഡ് മാസ്റ്റേഴ്സ് ഫോറം തിരൂർ
# ഉജ്ജ്വലം - 2021
## കേരളപാഠാവലി

**സമയം : 1 മണിക്കൂർ**

**ക്ലാസ്സ് : 10** **ആകെ സ്കോർ : 20**

---

**പൊതു നിർദ്ദേശങ്ങൾ**

* ആദ്യത്തെ പത്ത് മിനിറ്റ് സമാശ്വാസ സമയമാണ്.
* ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ള ചോദ്യങ്ങൾ തിരഞ്ഞെടുക്കുന്നതിനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗക്കേണ്ടതാണ്.
* ചോദ്യങ്ങൾ ശരിയായ വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരം എഴുതുക. ഉത്തരമെഴുതുമ്പോൾ സ്കോർ ,സമയം എന്നിവ പരിഗണിക്കണം.
* 1 മുതൽ 14 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 20 സ്കോർ ആയിരിക്കും .

---

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ശരിയുത്തരം തെരെഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം )**

1. മനുഷ്യജന്മത്തെ എഴുത്തച്ഛൻ സാദൃശ്യപ്പെടുത്തിയിരിക്കുന്നത് എന്തിനോടാണ് ?

   *ചുട്ടുപഴുത്ത ലോഹകഷ്ണത്തിൽ വീണ വെള്ളത്തുള്ളിയോട് .

   *സത്രത്തിലെ യാത്രക്കാരോട് .

   *നദിയിലെ മരക്കഷ്ണങ്ങളോട്.

   *പാമ്പിന്റെ വായിലകപ്പെട്ട താവളയോട് .

2. "<u>കാലാഹി</u>നാപരിഗ്രസ്തമാം ലോകവു -

   മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു."

   'കാലാഹി'എന്ന പദം വിഗ്രഹിച്ചെഴുതിയാൽ....

   (കാലവും അഹിയും, അഹിയാകുന്ന കാലം, കാലം പോലുള്ള അഹി, കാലമാകുന്ന അഹി )

3. കളിപ്പാട്ടം കിട്ടാനായി നീട്ടിയ ബാലന്റെ കൈകൾ കണ്ടപ്പോൾ ദുഷ്ഷന്തൻ ആശ്ചര്യപ്പെടാൻ കാരണം?

   * അവന്റെ കയ്യിലെ ചെളികണ്ട്

   * അവന്റെ കയ്യിലെ മുറിവ് കണ്ട്

* അവന്റെ കയ്യിലെ ചക്രവർത്തി ലക്ഷണം കണ്ട്
* കൈവിരലിന്റെ മൃദുത്വം കണ്ട്

4. "ഉപ്പുകൊണ്ടുള്ള പ്രതിമപോലെ നിന്നേടത്തു തന്നെ അയാൾ മിഴിച്ചുകൊണ്ടുനിന്നു." ഈ പ്രയോഗം നൽകുന്ന സൂചന എന്ത്?
   * വെള്ളിപ്പാത്രം മോഷ്ടിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം.
   * വെള്ളിപ്പാത്രം മോഷ്ടിക്കാനുള്ള ധൈര്യം
   * പിടിക്കപ്പെട്ടാൽ താൻ എന്നെന്നേക്കുമായി ഇല്ലാതാകുമെന്ന ഭയം.
   * സമൂഹത്തോടുള്ള പ്രതിഷേധം.

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക (2 സ്കോർ വീതം)**

5. അവിദ്യയും വിദ്യയും തമ്മിലുള്ള വ്യത്യാസം എഴുത്തച്ഛൻ വിശദമാക്കുന്നതെങ്ങനെ?

6. "നദ്യാമൊഴുകുന്ന <u>കാഷ്ഠങ്ങൾ</u> പോലെയു-
   മെത്രയും ചഞ്ചലമാലയ സംഗമം"
   "ജന്തുക്കൾ ഭക്ഷിച്ചു <u>കാഷ്ഠിച്ചു</u> പോകിലാം
   വെന്തു വെണ്ണീറായ് ചമഞ്ഞു പോയീടിലാം "
   അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം എഴുതുക

7. സർവദമനനിൽ തേജസ്വിയായി വളരാനുള്ള ലക്ഷണങ്ങൾ ഉണ്ടെന്ന ചിന്ത ദുഷ്ഷന്തനിൽ തെളിയുന്നതായി നാടകകൃത്ത് അവതരിപ്പിക്കുന്നതെങ്ങനെ?

8. "വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ". ആശയം വ്യക്തമാക്കുക.

**9 മുതൽ 12 വരെ ചോദ്യങ്ങൾക്ക് അരപുറത്തിൽ കവിയാതെ ഉത്തരം എഴുതുക . ( 4 സ്കോർ വീതം)**

9. 'ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്',

.............................................................

''നന്നല്ല ദേഹം നിമിത്തം മഹാമോഹം "

വരികളിൽ തെളിയുന്ന ജീവിത വീക്ഷണം പാഠ സന്ദർഭത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

10. "ഈ പ്രസ്താവം കാനൽ ജലം പോലെ ഒടുവിൽ എനിക്കു വിഷാദത്തിന് ഇടയാക്കാതിരുന്നാൽ കൊള്ളാമായിരുന്നു".
    ദുഷ്ഷന്തൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്തായിരിക്കും? വാക്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

11. "ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നു പോകരുതേ... "
    മെത്രാന്റെ ഈ വാക്കുകളിൽ അദ്ദേഹത്തിന്റെ മാനവികത എത്രമാത്രം പ്രതിഫലിക്കുന്നുണ്ട്? വരികൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

12. "പാവങ്ങൾ എന്ന നോവൽ ഒരു കണ്ണാടിയാണ്" എന്തുകൊണ്ട്? സ്വാഭിപ്രായകുറിപ്പ് തയ്യാറാക്കുക.

**13 മുതൽ 14 വരെ ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക . ( 6 സ്കോർ വീതം)**

13. * അതി പരിചിതമായ ദൃശ്യം അസാധാരണമായ ഭാഷ
    * തത്ത്വോപദേശകനായ കവി
    * മനുഷ്യാവസ്ഥയെക്കുറിച്ചുള്ള തികഞ്ഞ ജ്ഞാനം

    എഴുത്തച്ഛന്റെ കാവ്യ രീതിയുമായി ബന്ധപ്പെട്ട ചില നിരീക്ഷണങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത് . ലക്ഷ്മണസാന്ത്വനം എന്ന കവിതാ ഭാഗത്തുനിന്ന് ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി ലഘുപന്യാസം തയ്യാറാക്കുക .

14. കാളിദാസന്റെ ഭാവന ഏറ്റവും തെളിഞ്ഞു കാണുന്ന നാടകമാണ് ശാകുന്തളം."നാടകീയത നിറയുന്ന നാടകം" എന്ന വിശേഷണത്തിന് ഇത് എത്രകണ്ട് യോജിക്കുന്നു? വിശകലനകുറിപ്പ് തയ്യാറാക്കുക

# ഹെഡ്മാസ്റ്റേഴ്സ് ഫോറം - തിരൂർ വിദ്യാഭ്യാസജില്ല

# ഉജ്ജ്വലം - 2021

**(എസ്.എസ്.എൽ.സി. കുട്ടികൾക്കുള്ള സ്വയംവിലയിരുത്തൽ സാമഗ്രി)**

## മലയാളം

## അടിസ്ഥാനപാഠാവലി

**സമയം : 1 മണിക്കൂർ**

**സ്റ്റാന്റേർഡ് : 10** **ആകെ സ്കോർ : 20**

---

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 10 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഇഷ്ടമുള്ള ചോദ്യങ്ങൾ തിരഞ്ഞെടുക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 14 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 20 സ്കോർ ആയിരിക്കും.

---

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

**(1 സ്കോർ വീതം)**

1. 'പുതിയ അവസ്ഥയുമായി അമ്മ പതുക്കെപ്പതുക്കെ ഇണങ്ങിവരുന്നു.'
   -'**പുതിയ അവസ്ഥ**' എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?.
   (ദേഷ്യത്തോടെയുള്ള അച്ഛന്റെ വിളി, അച്ഛൻ തളർന്നുപോയി എന്ന തിരിച്ചറിവ്, അച്ഛൻ മരിച്ചതിനുശേഷമുള്ള ഏകാന്തത)
2. **'അമ്മത്തൊട്ടിൽ'** എന്ന കവിത എഴുതിയതാര്?.
   (ഡി.വിനയചന്ദ്രൻ, വൈലോപ്പിള്ളി, റഫീക്ക് അഹമ്മദ്)
3. 'അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു.'
   - കോരന്റെ അപരാധബോധത്തിന് കാരണമെന്ത്?.
   (ചിരുത പട്ടിണി കിടന്നത്, അച്ഛന്റെ ദുരവസ്ഥയ്ക്ക് കാരണം താനാണെന്ന ചിന്ത, നെല്ല് കൂലിയായി കിട്ടാത്തതിലുള്ള സങ്കടം)
4. '**പ്ലാവിലക്കഞ്ഞി**' എന്ന പാഠഭാഗം ഏതു കൃതിയിൽനിന്നെടുത്തതാണ്?.
   (ഉമ്മാച്ചു, രണ്ടിടങ്ങഴി, വേരുകൾ)

**5 മുതൽ 8 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(2 സ്കോർ വീതം)**

5. "അതോർത്ത് ഞ്ഞ് വിഷമിക്കേണ്ട. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നീട്ടില്ല."
   - അമ്മ ഇങ്ങനെ പറയാൻ കാരണമെന്ത്?.
6. കൈനകരി മുഴുവൻ രാത്രിയിൽ ഊന്നിനടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ കോരൻ കണ്ട കാഴ്ച എന്തായിരുന്നു?.
7. അമ്മയെ വിദ്യാലയമുറ്റത്ത് ഉപേക്ഷിക്കാൻ ശ്രമിച്ചപ്പോൾ മകന്റെ ഓർമ്മയിൽ വന്ന കാര്യങ്ങൾ എന്തെല്ലാം?.
8. "ഏനു മേണ്ട." "എന്നാല് ഏനും കുടിക്കത്തില്ല." "ഏനു മയറ്റില് ഒരു കമ്പിതമെടീ"
   തന്നിരിക്കുന്ന സംഭാഷണശകലം നിങ്ങളുടെ പ്രദേശത്തെ സംസാരഭാഷയിലേക്ക് മാറ്റി എഴുതുക.

**9 മുതൽ 12 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(4 സ്കോർ വീതം)**

9. 'അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽനിന്ന് എന്തെല്ലാമോ ചോർന്നുപോയതുപോലെ'
   - അമ്മയ്ക്ക് ഇങ്ങനെ തോന്നാൻ കാരണമെന്ത്?.

10. 'ജീവിതത്തിലെ ഇല്ലായ്മകളെ സ്നേഹംകൊണ്ട് അതിജീവിക്കുന്നവരാണ് കോരനും ചിരുതയും'.

    - പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക.
11. **'അമ്മത്തൊട്ടിൽ'** എന്ന ശീർഷകം കവിതയ്ക്ക് എത്രത്തോളം അനുയോജ്യമാണ്?. നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക.
12. **'പ്ലാവിലക്കഞ്ഞി'** എന്ന പാഠഭാഗത്ത് അവതരിപ്പിക്കപ്പെടുന്ന കോരന്റെ പ്രയാസങ്ങൾ ആ കാലഘട്ടത്തിലെ മുഴുവൻ കർഷകരുടെയും ജീവിതാവസ്ഥയെ സൂചിപ്പിക്കുന്നുണ്ടോ?. വിശകലനക്കുറിപ്പ് തയാറാക്കുക.

**13 മുതൽ 14 വരെയുള്ള ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(6 സ്കോർ വീതം)**

13. **'ഓരോ വിളിയും കാത്ത്'** എന്ന കഥയിലെ അമ്മ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിലയിരുത്തി കഥാപാത്രനിരൂപണം തയാറാക്കുക.
14. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വാർധക്യത്തെക്കുറിച്ചുള്ള വ്യാകുലചിന്തകളാണ് അമ്മത്തൊട്ടിൽ എന്ന കവിതയിലെ വിഷയം. കവിതയിലെ ആശയവും സമകാലിക സംഭവങ്ങളും വിശകലനം ചെയ്തുകൊണ്ട് **'അവഗണിക്കപ്പെടുന്ന വാർധക്യം'** എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

## തിരൂർ വിദ്യാഭ്യാസജില്ല
## ഉജ്ജ്വലം - 2021

അടിസ്ഥാനപാഠാവലി

**സ്റ്റാൻേഡർഡ് : 10**

# ഉത്തരസൂചിക

| ക്രമ നമ്പർ | വിലയിരുത്തൽ സൂചകങ്ങൾ | സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1 | അച്ഛൻ മരിച്ചതിനുശേഷമുള്ള ഏകാന്തത | 1 | 1 |
| 2 | റഫീക്ക് അഹമ്മദ് | 1 | 1 |
| 3 | അച്ഛന്റെ ദുരവസ്ഥയ്ക്ക് കാരണം താനാണെന്ന ചിന്ത | 1 | 1 |
| 4 | രണ്ടിടങ്ങഴി | 1 | 1 |
| 5 | അച്ഛനെക്കുറിച്ചുള്ള ഓർമ്മകൾ,<br>അച്ഛൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്ന വിശ്വാസം | 2 | 2 |
| 6 | ഒരു വലിയ കൃഷിക്കാരന്റെ വീട്ടിനു മുൻവശം കപ്പലുപോലെയുള്ള രണ്ടു വള്ളങ്ങളിൽ നെല്ലുനിറച്ച ചാക്കുകൾ കടത്തുന്നു. | 2 | 2 |
| 7 | മകനെ വിദ്യാലയത്തിലാക്കി ചുറ്റുമതിലിനുപുറത്ത് സങ്കടത്തോടെ കാത്തു-നിന്ന അമ്മയുടെ ചിത്രം കനലായി മനസിലേക്ക് കടന്നുവന്നു. | 2 | 2 |
| 8 | പ്രാദേശികഭാഷയിലേയ്ക്കോ മാനകഭാഷയിലേയ്ക്കോ മാറ്റി എഴുതാം | 2 | 2 |
| 9 | അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്നു വീട്<br>ഇപ്പോൾ വീട് നിശബ്ദമായിരിക്കുന്നു.<br>കിടപ്പിലായപ്പോഴും വീട്ടിലെ ഓരോ കാര്യവും അച്ഛൻ ശ്രദ്ധിച്ചിരുന്നു.<br>സ്വന്തം നിരീക്ഷണം അവതരിപ്പിക്കുന്നതിന് | 1<br>1<br>1<br>1 | 4 |
| 10 | പ്രസ്താവനയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സ്വന്തം വിശപ്പ് മറച്ചുവെച്ച് മറ്റുള്ളവരെ ഊട്ടാനുള്ള മനോഭാവം.<br>പരസ്പരസ്നേഹത്താൽ ഇല്ലായ്മകളെ അതിജീവിക്കുന്നത് ഉദാഹരണസ-ഹിതം അവതരിപ്പിച്ചിരിക്കുന്നു. | 1<br>1<br>1<br>1 | 4 |
| 11 | ആശയത്തെ സമഗ്രമായി വിലയിരുത്തിയിട്ടുണ്ട്.<br>തലക്കെട്ടിന്റെ അർഥവും സൂചനയും തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സാമൂഹികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.<br>ആകർഷകമായ ഭാഷാരീതി | 1<br>1<br>1<br>1 | 4 |
| 12 | പട്ടിണി,ദാരിദ്ര്യം തുടങ്ങിയ കർഷകരുടെ അവസ്ഥകൾ മനസിലാക്കിയിട്ടുണ്ട്.<br>ഉദാഹരണങ്ങൾ വിശകലനം ചെയ്ത് അവതരിപ്പിച്ചിട്ടുണ്ട്.<br>എല്ലാക്കാലത്തും കർഷകർ നേരിടുന്ന ചൂഷണങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | 1<br>2<br>1 | 4 |
| 13 | അച്ഛൻ മരിച്ചു എന്ന് വിശ്വസിക്കാൻ കഴിയുന്നില്ല.<br>അച്ഛന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ജീവിച്ചിരുന്ന വ്യക്തി.<br>മകന്റെ നിർബന്ധത്തിന് വഴങ്ങാതെ അച്ഛന്റെ ഓർമ്മകളുമായി കഴിയുന്നു.<br>കഥാപാത്രത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. | 1<br>1<br>1<br>1<br>2 | 6 |
| 14 | ആശയത്തെ സമഗ്രമായി വിലയിരുത്തിയിട്ടുണ്ട്.<br>സമകാലിക സംഭവങ്ങൾ വിലയിരുത്തിയിട്ടുണ്ട്<br>വാർധക്യത്തിലെ പ്രശ്നങ്ങളും പ്രയാസങ്ങളും അനുഭാവപൂർവ്വം വിലയിരു-ത്തിയിട്ടുണ്ട്.<br>ആകർഷകമായ ഭാഷാരീതി | 2<br>1<br>1<br>2 | 6 |

## ഹെഡ് മാസ്റ്റേഴ്സ് ഫോറം

## ഉജ്ജ്വലം

## അടിസ്ഥാന പാഠാവലി

### ഉത്തരസൂചിക

1. തകഴി 1

2 അച്ഛന്റെ 1

3 ദയനീയത 1

4 പ്രായം ബാധിച്ച് മെലിഞ്ഞുണങ്ങിയ കൈകൾ 1

---

5 . ഉചിതമായ രീതിയിൽ ഒറ്റവാക്യമാക്കിയിട്ടുണ്ട്.

പുലർച്ചക്ക് കണാരൻ വരുമ്പോൾ താക്കോൽ അയാളുടെ കൈയ്യിൽ ഏൽപ്പിക്കണം. 2

6 മങ്ങി പഴകിയ പിഞ്ഞാണത്തിനോട് 2

7 കൂലി കിട്ടാത്തത്., രാത്രിയിലെ കരിഞ്ചന്ത വ്യാപാരം 2

8 താനുണ്ടില്ലെങ്കിലും മറ്റുള്ളവരെ ഊട്ടുന്നത്, കോരന് ഭക്ഷണം മാറ്റി വക്കുന്നത് തുടങ്ങി

ഏതെങ്കിലും 2 എണ്ണം 2

---

9. പ്രസ്താവന തിരിച്ചറിഞ്ഞിട്ടുണ്ട് - 1

കഥയിലെആശയം ഉൾക്കൊണ്ടിട്ടുണ്ട് 1

കഥാസന്ദർഭങ്ങൾ ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട് 2

10. പ്രസ്താവന തിരിച്ചറിഞ്ഞിട്ടുണ്ട് - 1

കഥയിലെആശയം ഉൾക്കൊണ്ടിട്ടുണ്ട് 1

കഥാസന്ദർഭങ്ങൾ ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട് 2

11. പ്രസ്താവന തിരിച്ചറിഞ്ഞിട്ടുണ്ട് - 1

കഥയിലെആശയം ഉൾക്കൊണ്ടിട്ടുണ്ട് 1

കഥാസന്ദർഭങ്ങൾ ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട് 2

12. കവിതയിലെ സാമാന്യാശയം കണ്ടെത്തിയിട്ടുണ്ട് 1

പ്രയോഗത്തിൻ്റെ ആശയം, ഔചിത്യം സൗന്ദര്യം ഇവ വിശകലനം ചെയ്തിട്ടുണ്ട് 2

ഉചിതമായ രീതിയിൽ ബന്ധിപ്പിച്ചിട്ടുണ്ട് 1

---

13.പാഠഭാഗത്തെ സാമാന്യാശയം കണ്ടെത്തിയിട്ടുണ്ട് 2

കഥാപാത്രത്തിന്റെ സവിശേഷതകണ്ടെത്തിയിട്ടുണ്ട് 2

നിരീക്ഷണങ്ങൾ യുക്തിഭദ്രമായി അവതരിപ്പിച്ചിട്ടുണ്ട് 2

14. കവിതയിലെ ആശയം അവതരിപ്പിച്ചിട്ടുണ്ട് 2

നിരീക്ഷണങ്ങൾ യുക്തിഭദ്രമായി അവതരിപ്പിച്ചിട്ടുണ്ട് 2

വ്യവഹാര രൂപത്തിനനുസരിച്ച് ക്രമപ്പെടുത്തിയിട്ടുണ്ട് 2

============================================================

## ഹെഡ്മാസ്റ്റേഴേസ് ഫോറം

## തിരൂർ

### അടിസ്ഥാന പാഠാവലി

### ചോദ്യങ്ങൾ

മാർക്ക് 20

**Time : 1 മണിക്കൂർ**

**Std 10**

**പൊതു നിർദ്ദേശങ്ങൾ.**

**a.ആദ്യത്തെ 10 മിനിറ്റ് സമാശ്വാസ സമയം.**

**b. ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക.**

**c. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.**

**d. 1 മുതൽ 14 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുന്ന സ്കോർ 20 ആയിരിക്കും.**

**1 മുതൽ 4 വരെ ഓരോ മാർക്കു വീതം.**

1. രണ്ടിടങ്ങഴി എന്ന നോവൽ രചിച്ചത് ആര്? 1
   (തകഴി, ബഷീർ, യു.കെ.കുമാരൻ)
2. "ഓരോ വിളിയും കാത്ത് എന്ന കഥയിലെ അമ്മ ആരുടെ വിളിക്കാണ് കാതോർത്തിരിക്കുന്നത്? 1
   (ക്ലമന്റെ, മകന്റെ, അച്ഛന്റെ)
3. അവന്റെ കൂടെ താമസിച്ചിരുന്നെങ്കിൽ വൃദ്ധൻ ഇങ്ങനെ ആയിപ്പോകുമായിരുന്നില്ല - ഈ വാക്യം വൃദ്ധന്റെ ഏതവസ്ഥയെ സൂചിപ്പിക്കുന്നു? 1
   (അഹങ്കാരം, വിദ്വേഷം, ദയനീയത)
4. "നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ "ഈ വരികൾ നൽകുന്ന ആശയം ? 1
   (അസുഖം ബാധിച്ച കൈകൾ, ഉണങ്ങിയ മരച്ചുള്ളികൾ, പ്രായം ബാധിച്ച് മെലിഞ്ഞുണങ്ങിയ കൈകൾ)

**5 മുതൽ 8 വരെ 2 മാർക്കു വീതം.**

5. പുലർച്ചക്ക് കണാരൻ വരും. താക്കോൽ അയാളുടെ കൈയിൽ എൽപ്പിക്കണം -ഒറ്റ വാക്യമാക്കുക. 2
6. അമ്മയുടെ കണ്ണുകളെ സാദൃശ്യപ്പെടുത്തിയത് എന്തിനോടാണ്? 2
7. അനീതികളോട് കോരന് പ്രതിഷേധിക്കണമെന്നുണ്ട്. ഏതെല്ലാം അനീതികളാണ് പാഠഭാഗത്ത് പരാമർശിക്കപ്പെടുന്നത്?
8. ചിരുതയുടെ സ്നേഹം വ്യക്തമാക്കുന്ന ഏതെങ്കിലും 2 സന്ദർഭം എഴുതുക 2

**9 മുതൽ 12 വരെ 4 മാർക്കു വീതം.**

9. "ഇപ്പൊ ഇതൊരു വീടല്ല" ഈ പ്രയോഗം നൽകുന്ന ആശയം വ്യക്തമാക്കുക. 4
10. അച്ഛന്റെ മരണം അമ്മയെ എങ്ങനെയെല്ലാമാണ് ബാധിച്ചത്? വിശകലനക്കുറിപ്പ് തയ്യാറാക്കുക - 4
11. കോരൻ സ്വന്തം കടമകൾ നിറവേറ്റുന്ന സ്നേഹം നിറഞ്ഞ മകനും ഭർത്താവുമാണ് _ ഈ പ്രസ്താവന വിശകലനം ചെയ്ത് പ്രതികരിക്കുക. 4

12. "പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊരുറ്റം
കുരച്ചത് ചാടിക്കു തിക്കുന്നു."
തെരുവുപട്ടി എന്ന പ്രയോഗം നൽകുന്ന സവിശേഷ ഭംഗി വിശകലനം ചെയ്യുക - 4

**13 മുതൽ 14 വരെ 6 മാർക്കു വീതം.**

13. തമ്പ്രാ ഏന് നെല്ല് കൂലി മതി ചക്രം മേണ്ട
ഏതായാലും നെല്ലു തന്നെ കൂലി കിട്ടിയേ മതിയാവൂ
അപ്പന് ഒരു നേരമെങ്കിലും ചോറ് കൊടുക്കണം.
തന്നിരിക്കുന്ന സൂചനകൾ കൂടി ഉൾപ്പെടുത്തി കോരൻ എന്ന കഥാപാത്രത്തെ
നിരൂപണം ചെയ്യുക. 6

14. വാർദ്ധക്യം ബാദ്ധ്യതയാവുന്ന കാഴ്ച്ചയാണ് അമ്മത്തൊട്ടിൽ എന്ന കവിതയിൽ കണ്ടത് . ഈ വിഷയം അടിസ്ഥാനമാക്കി അവഗണിക്കപ്പെടുന്ന വാർദ്ധക്യം എന്ന വിഷയത്തിൽ
എഡിറ്റോറിയൽ (മുഖപ്രസംഗം)തയ്യാറാക്കുക. 6